"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പരിസ്ഥിതി വകുപ്പ് - കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് - 2025-26 സാമ്പത്തിക വർഷം - **"2406-02-188-99-36 (നോൺ സാലറി) നോൺ പ്ലാൻ** -എന്ന ശീർഷകത്തിൽ നിന്നും **മൂന്നാം ഗഡുവായി** ബഡ്ജറ്റ് വിഹിതം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പരിസ്ഥിതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.128/2025/ENVT തീയതി,തിരുവനന്തപുരം, 26-12-2025

---

പരാമർശം:-
1. 05.05.2025 തീയതിയിലെ സ.ഉ (സാധാ) നം. 47/2025-പരി
2. 11.08.2025 തീയതിയിലെ സ.ഉ (സാധാ) നം. 81/2025-പരി
3. കേരള സംസ്ഥാന ജൈവവൈവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 25-11-2025 തീയതിയിലെ കെ.എസ്.ബി.ബി/214/2024-TA(WS) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡിന് 2025-26 സാമ്പത്തിക വർഷത്തിൽ 2025 ഒക്ടോബർ മുതൽ 2025 ഡിസംബർ വരെ ശമ്പളേതര ചെലവുകൾക്കായി 2406-02-188-99-36 നോൺ പ്ലാൻ നോൺ സാലറി ശീർഷകത്തിൽ മൂന്നാം ഗഡുവായി ഫണ്ട് അനുവദിക്കുന്നതിന് മെമ്പർ സെക്രട്ടറി പരാമർശം (3) പ്രകാരം ശുപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് ശമ്പളേതര ചെലവുകൾക്കായി **2406-02-188-99-36 (നോൺ സാലറി) നോൺ പ്ലാൻ** ശീർഷകത്തിൽ നിന്നും മൂന്നാം ഗഡുവായി 7 **ലക്ഷം രൂപ (ഏഴ് ലക്ഷം രൂപ മാത്രം)** ചുവടെ ചേർക്കുന്ന ഫണ്ട് റിലീസ് വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1.പ്രസ്തുത തുക ട്രഷറി STSB അക്കൗണ്ടിൽ (non interest bearing ) അല്ലാതെ ബാങ്കുകളിലോ മറ്റു ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപിയ്ക്കുവാൻ പാടില്ല.

2. 29/08/2009ലെ സർക്കുലർ നം.75/09/ധനത്തിലേയും 9/12/2008-ലെ സർക്കുലർ നമ്പർ.84/08/ധനത്തിലെയും വ്യവസ്ഥകൾ കൃത്യമായി പാലിയ്ക്കേണ്ടതാണ്.

3. അനുവദിച്ച തുകയുടെ വിശദമായചെലവ് പത്രികയും 09.01.2020 ലെ സ.ഉ.(കൈ) നം 4/2020/ധന പ്രകാരമുള്ള ധനവിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് ധന വകുപ്പിന് സമർപ്പിയ്ക്കേണ്ടതാണ്.

4. വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്കു തിരിച്ചടയ്ക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
UNNIKUTTAN S S
അണ്ടർ സെക്രട്ടറി

1. മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
2. പ്രിൻസിപ്പൽ അക്കൗണ്ടൻ്റ് ജനറൽ, (ആഡിറ്റ് / എ & ഇ), കേരള
3.ധനകാര്യ (പി.യു.സി) വകുപ്പ് (No.3120923/PU-C2/76/2025-Fin)
4.ഡയറക്ടർ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (ഔദ്യാഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി.( ENVT-A1/274/2025-ENVT)

ഉത്തരവിൻ പ്രകാരം

Signed by
Royi J
Date: 26-12-2025 17:36:51

സെക്ഷൻ ഓഫീസർ